മഹാത്മാഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2021ഫെബ്രുവരി 17

# വാർത്താക്കുറിപ്പ്

## പരീക്ഷ മാറ്റി

മഹാത്മാഗാന്ധി സർവകലാശാല ഫെബ്രുവരി 20ന് നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റി. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/254/2021)

## പരീക്ഷാകേന്ദ്രം

അദാലത്ത് സ്പെഷൽ മേഴ്സി ചാൻസ് 2018 - ബി.എസ്.ഡബ്ല്യു., ബി.ബി.എ., ബി.ബി.എം., ബി.സി.എ., ബി.എസ് സി. പെട്രോകെമിക്കൽസ്, ബി.എസ് സി. കമ്പ്യൂട്ടർ സയൻസ്, ബി.എസ് സി. ഇലക്ട്രോണിക്സ് ആന്റ് കമ്പ്യൂട്ടർ ഹാർഡ്‌വെയർ, ബി.എസ് സി. ഇൻഫർമേഷൻ ടെക്നോളജി, ബി.എസ് സി. മൈക്രോബയോളജി, ബി.എസ് സി. ബയോടെക്നോളജി, ബി.എസ് സി. അക്വാകൾച്ചർ പരീക്ഷകളുടെ പരീക്ഷാകേന്ദ്രം സംബന്ധിച്ച വിജ്ഞാപനം സർവകലാശാല വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു. വിദ്യാർഥികൾ അനുവദിച്ച പരീക്ഷാകേന്ദ്രത്തിൽ നിന്നും ഹാൾടിക്കറ്റുകൾ വാങ്ങി അവിടെത്തന്നെ പരീക്ഷയ്ക്ക് എത്തണം.

(പി.ആർ.ഒ/39/255/2021)

## പുനഃപരീക്ഷ ഫെബ്രുവരി 26ന്

2019 ഡിസംബറിൽ നടത്തിയതും ഉപേക്ഷിച്ചതുമായ മൂന്നാം സെമസ്റ്റർ ബി.ടെക് (സീപാസ് - 2015 അഡ്മിഷൻ മുതൽ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) - ബേസിക്സ് ഓഫ് ഓർഗാനിക് കെമിസ്ട്രി (പോളിമർ എൻജിനീയറിംഗ് ബ്രാഞ്ച്) പുനഃപരീക്ഷ ഫെബ്രുവരി 26ന് രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12.30 വരെ നടക്കും. വിദ്യാർഥികൾ പരീക്ഷാഫീസടയ്ക്കേണ്ടതില്ല.

(പി.ആർ.ഒ/39/256/2021)

## പരീക്ഷ തീയതി

രണ്ടാം വർഷ ബി.എസ് സി. മെഡിക്കൽ മൈക്രോബയോളജി (2015 അഡ്മിഷൻ മുതൽ, 2008-2014 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷകൾ മാർച്ച് 19 മുതൽ ആരംഭിക്കും. പിഴയില്ലാതെ ഫെബ്രുവരി 24 വരെയും 525 രൂപ പിഴയോടെ ഫെബ്രുവരി 25 വരെയും 1050 രൂപ സൂപ്പർഫൈനോടെ ഫെബ്രുവരി 26 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/257/2021)

നാലാം വർഷ ബി.എസ് സി. മെഡിക്കൽ മൈക്രോബയോളജി (2016 അഡ്മിഷൻ റഗുലർ/2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഏപ്രിൽ 21 മുതൽ നടക്കും. പിഴയില്ലാതെ ഫെബ്രുവരി 24 വരെയും 525 രൂപ പിഴയോടെ ഫെബ്രുവരി 25 വരെയും 1050 രൂപ സൂപ്പർഫൈനോടെ ഫെബ്രുവരി 26 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/258/2021)

## യൂണിയൻ തെരഞ്ഞെടുപ്പ് മാർച്ച് 19ന്

മഹാത്മാഗാന്ധി സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പ് (2019-2020) സർവകലാശാല അസംബ്ലിഹാളിൽ നടക്കും. തെരഞ്ഞെടുപ്പ് വിജ്ഞാപനം ഫെബ്രുവരി 16ന് സർവകലാശാല വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു.

(പി.ആർ.ഒ/39/259/2021)

# മെഡിക്കൽ ലാബ് ടെക്നോളജിസ്റ്റ്; അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ്ബയോസയൻസസിൽ മെഡിക്കൽ ലാബ് ടെക്നോളജിസ്റ്റ് തസ്തികയിൽ കരാറടിസ്ഥാനത്തിൽ താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഒരു വർഷത്തേക്കാണ് നിയമനം. ഒരൊഴിവാണുള്ളത് (പൊതുവിഭാഗം). ബി.എസ് സി. എം.എൽ.ടി യാണ് യോഗ്യത. പ്രവൃത്തിപരിചയം അഭിലഷണീയം. മാസം 20000 രൂപ ലഭിക്കും. 2021 ജനവരി ഒന്നിന് 18 വയസിന് മുകളിലും 36 വയസിന് താഴെയുമാണ് പ്രായപരിധി. (പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗക്കാർക്ക് ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃത ഇളവുകൾ അനുവദിക്കും). താല്പര്യമുള്ളവർ വെള്ളപേപ്പറിൽ തയാറാക്കിയ അപേക്ഷ (ഇമെയിൽ വിലാസം, രണ്ട് മൊബൈൽ ഫോൺ നമ്പറുകൾ സഹിതം) പ്രായം, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം, അധികയോഗ്യത ഉണ്ടെങ്കിൽ ആയതും തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഫെബ്രുവരി 20ന് വൈകീട്ട് അഞ്ചിന് മുമ്പ് ഡെപ്യൂട്ടി രജിസ്ട്രാർ 2 (ഭരണം), മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 650 എന്ന വിലാസത്തിൽ അയയ്ക്കണം. വൈകി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കില്ല. വിശദവിവരം സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/260/2021)

**നജീബ്എം.**

പബ്ലിക്റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)